ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലും കോഴിക്കോടും ഓരോ സൂപ്പർ ചെക്ക് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) 2013-14 വർഷം പുതിയ തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടില്ല. 2014-15 വർഷം യു.ഐ.ഡി.-യുടെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തിയത്. ആയതിൽ തെറ്റുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ നഷ്ടം ഈടാക്കുന്നതാണ്.

(ഡി) 2014-15 അദ്ധ്യായന വർഷം വിവിധ സ്കൂളുകളിൽ വ്യാജമായി ചേർത്ത കുട്ടികളുടെ എണ്ണം പൂർണ്ണമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതായി ബോധ്യപ്പെട്ട രണ്ട് സ്കൂളുകളായ കട്ടച്ചൽക്കുഴി എസ്.എൻ.യു.പി.എസ്., എം.സി.എച്ച്.എസ്. കോട്ടുകാൽക്കോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെയും വ്യാജമായി ഹാജർ ഇട്ടന്ന ക്ലാസ് ടീച്ചർമാരുടെയും ബാധ്യതയായി തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) അന്വേഷണ വിധേയമായി കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

എയ്ഡഡ് സ്കൂളുകളുടെ വിദ്യാർത്ഥികളുടെ എണ്ണവും അദ്ധ്യാപക തസ്തികകളും

65 (1120) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് സ്കൂളുകൾ എത്ര ; ജില്ല തിരിച്ച് അറിയിക്കുമോ ; പ്രസ്തുത സ്കൂളുകളിൽ 2014-15 വിദ്യാഭ്യാസ വർഷത്തിൽ മൊത്തം എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്ന ; അതിന്റെയടിസ്ഥാനത്തിലുള്ള അദ്ധ്യാപക തസ്തികകൾ എത്ര ; ഇവ ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) കുട്ടികളുടെ കണക്കെടുപ്പ് വേളയിൽ യു.ഐ.ഡി./ആധാർ നമ്പറുകൾ കൃത്രിമമായി രജിസ്ട്രേഷൻ നടത്തിയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര സ്കൂളുകളിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്ന പരിശോധന നടത്തുകയുണ്ടായി ; അവശേഷിക്കുന്നത് എത്ര ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly